സ്റ്റാഫിനും സർക്കാർ ശമ്പള ഘടനയുമായി ബന്ധപ്പെടുത്തി കോർപ്പറേഷന്റേതായ പ്രത്യേക സേവന വേതന കരാറുകളാണ് ബാധകമാക്കിയിട്ടുള്ളത്.

(സി) പ്ളാന്റേഷൻ കോർപ്പറേഷനിൽ തൊഴിലാളികളുടെയും ഓഫീസർ സ്റ്റാഫ് വിഭാഗത്തിൽപ്പെടുന്നവരുടെയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ളതായ നിയമങ്ങൾ വ്യത്യസ്ഥങ്ങളായതിനാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കോർപ്പറേഷനിലെ എല്ലാ ജീവനക്കാരെയും ഒരേ തൊഴിൽ കരാറിന്റെ കീഴിൽ കൊണ്ടുവരാൻ നിർവ്വാഹമില്ല.

(ഡി) നിവേദനം പരിശോധിക്കുന്നതാണ്.

127 (1179) പറയത്തുകോണം ചിറ സംബന്ധിച്ച പരാതി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറയത്തുകോണം ചിറ നിർമ്മിച്ച് ഉത്ഘാടനം കഴിഞ്ഞ ഉടനെ ഇടിഞ്ഞുവീണത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് അന്വേഷണം ആരംഭിച്ചത്;

(ഡി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) എങ്കിൽ കുറ്റക്കാർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇവർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് അന്വേഷണം നടത്തി വരുന്നു.

(സി) 9.6.98 ലാണ് അന്വേഷണം ആരംഭിച്ചത്.

(ഡി) ഇല്ല.

(ഇ) അന്വേഷണം പൂർത്തിയായതിനുശേഷമേ കുറ്റക്കാർ ആരൊക്കെയെന്ന് വ്യക്തമാകുകയുള്ളൂ.

(എഫ്) ഉദിക്കുന്നില്ല.

128 (1180) ഓണാട്ടുകര കാർഷിക വികസന ഏജൻസി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര കാർഷിക വികസന ഏജൻസി അതിനുകീഴിലുള്ള ഓരോ മണ്ഡലത്തിലും നടത്തിയ കാർഷിക വികസന പദ്ധതികൾ ഏതെല്ലാം; അവ ഓരോന്നിനും വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2000-2001-ാം ആണ്ടിലെ ഓണാട്ടുകര വികസന ഏജൻസിയുടെ കാർഷിക വികസന പദ്ധതി തയ്യാറാക്കി കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly